പ്രൈവറ്റ് സ്കൂളുകളിലെ ഗ്രാന്റ്

*൪൯൨. (൨൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പുതിയ വിദ്യാഭ്യാസ പദ്ധതിയനുസരിച്ച് ഫീസ് പിരിവിന്റെ അംശം അടയ്ക്കാത്ത കാരണത്തിന്മേൽ ഏതെങ്കിലും സെക്കൻറി സ്കൂളുകളോട് അനുബന്ധിച്ചുള്ള പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക ഗ്രാന്റ് തടഞ്ഞിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. അതിന്റെ ന്യായമെന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നോട്ടീസ്സു കൂടാതെ, ന്യായം എന്താണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: പ്രൈമറി സ്കൂളുകളിലെ ഗ്രാന്റ് തടഞ്ഞിട്ടുള്ളതിന്റെ കൂടിയ കാലയളവു് എത്രയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈഴപ്പുൻ അറയ്ക്കൽ: ഫീസ്സുപിരിവിന്റെ ഒരംശവും അടയ്ക്കാത്ത എല്ലാ പ്രൈമറി സ്കൂളുകളിലേയും ഗ്രാന്റു നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാ സ്കൂളുകളിലേയും ഗ്രാന്റു നിഷേധിച്ചിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ. ചില സ്കൂളുകളിലെ ഗ്രാന്റു നിഷേധിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. ഈഴപ്പുൻ അറയ്ക്കൽ: ഏതെങ്കിലും സ്കൂളുകളിൽ പ്രത്യേകം ഗ്രാന്റു നിഷേധിക്കുന്നതിനു് കാരണമെന്താണു്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ പ്രത്യേകപരിഗണന ഒരു സ്കൂളിനും കൊടുത്തിട്ടില്ല.

ശ്രീ. ഈഴപ്പുൻ അറയ്ക്കൽ: അപ്രകാരം ഗ്രാന്റു് തടഞ്ഞിട്ടുള്ളതുകൊണ്ടു് ആ സ്കൂളുകളുടെ പ്രവർത്തനത്തിനു് വിഷമം വരുന്നതാണെന്നുള്ള വസ്തുത ഗവൺമെന്റിനു് തോന്നിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഗവൺമെന്റിനു തോന്നിയിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇങ്ങനെ ഗ്രാന്റു് തടഞ്ഞിട്ടുള്ളതു് പ്രത്യേകമായി വല്ല സ്കൂളുകളോടും ഗവൺമെന്റു് കാണിക്കുന്ന ഒരു നയമാണോ അതോ ഈ നയം പൊതുവെ അംഗീകരിക്കണമെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പൊതുവെ അംഗീകരിച്ചിരിക്കുന്ന ഒരു നയമാണു്.

ശ്രീ. സി. വി. ഇയ്യു: ഈ വ൦ ശതമാനം ഫീസു പിരിവു് ഗവൺമെന്റിലേയ്ക്കടയ്ക്കാത്ത കാരണത്താൽ അതോടനുബന്ധിച്ചു നടത്തുന്ന പ്രൈമറി സ്കൂളുകൾക്കു ഗ്രാന്റു നിവർത്തിയുമൂലം ആ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കിട്ടാതെ ബുദ്ധിമുട്ടുന്നതായി ഗവൺമെന്റിനറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. നാരായണപിള്ള: ബുദ്ധിമുട്ട എല്ലാവർക്കും ഉണ്ടെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇയ്യു: അങ്ങിനെയുള്ള സ്കൂളുകളുടെ ഗ്രാൻറ് കൊടുക്കുവാൻ ഗവണ്മെണ്ടിനു് ഭയമുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇങ്ങിനെ ഗ്രാൻറ് തടഞ്ഞിട്ടുള്ള എത്ര സ്കൂളുകൾ ഉണ്ടെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് നോട്ടീസു് വേണം.

Sri. Eappen Arakkal: Is this meant as a penalty ?

Sri. T. K. Narayana Pillai: No, it is not meant as a penalty at all.

ശ്രീ. പി. കെ. ഡിവർ: പ്രൈമറി സ്കൂളുകളുടെ ഗ്രാൻറാണോ അതേ പ്രൈമറി ക്ലാസ്സുകളുടെ ഗ്രാൻറാണോ നിറുത്തിയിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൈമറി ക്ലാസ്സുകളുടെ ഗ്രാൻറാണു് നിറുത്തിയിരിക്കുന്നതു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: പനമ്പിള്ളി സ്കീം എന്നു പറയുന്ന പുതിയ പദ്ധതി ഇപ്പോഴത്തെ ഗവണ്മെണ്ടു് തുടർന്നുകൊണ്ടുപോകാൻ ആലോചിക്കുന്നുണ്ടോ ?

Mr. Speaker: It is a question of policy.

DENOMINATIONAL SCHOOLS

*593. **[22] Sri. Paul Thaliat:** Will the Hon'ble Minister for Education, Civil Supplies and Labour be pleased to state.—

(*a*) whether denominational primary schools are still functioning in the State ;

(*b*) if so the number of denominational schools now functioning ;

(*c*) whether there are denominational schools working in the former Cochin area ; and

(*d*) if the answer to (*a*) is in the affirmative, whether the Government intended to continue the same ?

Minister for Education, Civil Supplies and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 184.

(*c*) No.

(*d*) The question is under consideration.

ശ്രീ. പാപ്പം തളിയത്തു്: ഗവണ്മെണ്ടിൽനിന്നും എന്നാണു് ഈ ഡിനാമിനേഷണൽ സ്കൂളുകൾ നിറുത്തണമെന്നു് പ്രസ്താവിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പാപ്പം തളിയത്തു്: ഏകദേശം മുന്നൂറ്റൊല്ലമായി എന്നു് ഞാൻ പറഞ്ഞാൽ ഗവണ്മെണ്ടു് അതു വിശ്വസിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മെമ്പർ പറഞ്ഞതുകൊണ്ടു് വിശ്വസിക്കാം.

BRIDGE BETWEEN VADUTHALA AND CHITTUR

*594 (23) **Sri Paul Thaliat:** Will the Hon'ble Minister for Public Works and Communications be pleased to state:—

(*a*) whether the Government intended to take up and complete the bridge between Vaduthala and Chittur ;

LIBRARY ARCHIVES Kerala Legislative Assembly